## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2385 8.7.2015 ന് മറുപടിയ്ക്ക്

ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ഗുരുദാസൻ | **ശ്രീ.ഷിബു ബേബി ജോൺ**<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| **എ)** കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | **എ)** ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ കീഴിലുള്ള കൊല്ലത്തെ ഒക്കുപ്പേഷണൽ ഹെൽത്ത് ആന്റ് റിസർച്ച് സെന്റർ(OHRC) ഫാക്ടറി തൊഴിലാളികളിൽ ഉണ്ടാകാൻ സാധ്യതയുള്ളതും ഫാക്ടറി നിയമത്തിലെ മൂന്നാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്നതുമായ 29 തരം തൊഴിൽജന്യരോഗങ്ങൾ ഗവേഷണം നടത്തി കണ്ടെത്തി അവയെ പ്രതിരോധിക്കാനുള്ള നടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള സ്ഥാപനമാണ്. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ആയതിന്റെ ഉത്ഘാടനം 10.10.2014-ന് നടന്നിട്ടുള്ളതുമാണ്. 2014-15 ൽ ടി സെന്ററിനു വേണ്ടി മെഡിക്കൽ ഉപകരണങ്ങളും, ലാബ് ഉപകരണങ്ങളും വാങ്ങുന്നതിനായി 2 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ടി സാമ്പത്തിക വർഷം ഉപകരണങ്ങൾ എല്ലാം വാങ്ങുകയും ചെയ്തിട്ടുണ്ട്. 2015-16 കാലയളവിൽ ക്രഷർ ഫാക്ടറികളിൽ ജോലി ചെയ്യുന്ന തൊഴിലാളികളിൽ കണ്ടുവരുന്ന സിലിക്കോസിസ്, കശുവണ്ടി ഫാക്ടറികളിൽ കണ്ടുവരുന്ന തൊഴിൽജന്യ രോഗങ്ങൾ എന്നിവ കണ്ടുപിടിക്കുന്നതിനായി ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സർവ്വേ നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |
| **ബി)** പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്റ്റാഫ് , ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ? | **ബി)** ടി സ്ഥാപനത്തിൽ ആവശ്യമായ ലാബ്, മറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിലേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ